VI അറിയിപ്പ്

സ്പീക്കറെ നീക്കം ചെയ്യുന്നതിനുള്ള നോട്ടീസ്

മി. സ്പീക്കർ : സ്പീക്കറെ തൽസ്ഥാനത്തുനിന്ന് നീക്കം ചെയ്യുന്നതിനായി ഭരണഘടനയുടെ ആർട്ടിക്കിൾ 179 (സി) അനുസരിച്ച് ശ്രീ. കോടിയേരി ബാലകൃഷ്ണൻ 20-1-2004-ൽ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. ചട്ടപ്രകാരം നോട്ടീസ് നൽകി പതിനാലു ദിവസത്തിനു ശേഷം മാത്രമേ പ്രമേയാവതരണത്തിന് സഭയുടെ അനുമതി തേടാൻ കഴിയൂ. പ്രസ്തുത പ്രമേയത്തിന് കാര്യോപദേശക സമിതി ചേരുന്നതിനു മുൻപായിട്ടാണ് നോട്ടീസ് നൽകിയിരുന്നതെങ്കിൽ അതിൻമേലുള്ള ചർച്ചയ്ക്ക് അപ്പോൾത്തന്നെ സമയം കണ്ടെത്താൻ കഴിയുമായിരുന്നു. ഇപ്പോഴത്തെ കാര്യപരിപാടി അനുസരിച്ച് കാര്യോപദേശകസമിതിക്ക് ഒഴിച്ചുകൂടാനാകാത്ത കാര്യങ്ങൾക്ക് മാത്രമാണ് സമയമുള്ളത്. സമയം കണ്ടെത്തിയ പ്രമേയത്തിന് സഭയുടെ അനുമതി ലഭിച്ചു കഴിഞ്ഞാൽ പത്തു ദിവസത്തിനകം മാത്രം പ്രമേയം ചർച്ചയ്ക്ക് എടുക്കണമെന്നിരിക്കെ സഭ പിരിയുന്ന ഫെബ്രുവരി ആറാം തീയതിക്കു മുൻപായി സമയം കണ്ടെത്തുക വിഷമകരമാണ്. ആ കാരണത്താൽത്തന്നെ പ്രമേയം ചർച്ചയ്ക്കെടുക്കാതിരിക്കാമെങ്കിലും പ്രസ്തുത പ്രമേയം സ്പീക്കറെ തൽസ്ഥാനത്തു നിന്ന് നീക്കം ചെയ്യാനുള്ളതാകയാൽ അതിൽനിന്ന് ഒളിച്ചോടാൻ ചെയർ ആഗ്രഹിക്കുന്നില്ല. അതിനാൽ പ്രമേയത്തിന് അവതരണാനുമതി തേടുന്നതിനായി പതിനാലു ദിവസം കഴിയുന്ന ഫെബ്രുവരി 4-ാം തീയതി ഈ കാര്യം കാര്യവിവര പട്ടികയിൽ ഉൾപ്പെടുത്താനും, പ്രതിപക്ഷത്തിന് നാൽപ്പത് അംഗങ്ങളുള്ള സഭയിൽ അന്ന് പ്രമേയത്തിന് അവതരണാനുമതി ലഭിക്കുന്ന സാഹചര്യത്തിൽ ഫെബ്രുവരി 9-ാം തീയതി തിങ്കളാഴ്ച കൂടി സഭ സമ്മേളിച്ച് ഈ പ്രമേയം ചർച്ചയ്ക്ക് എടുക്കണമെന്നും ചെയർ ആഗ്രഹിക്കുന്നു. ഇതിനായി സമ്മേളനം ഒരു ദിവസം കൂടി നീട്ടാൻ സഭയുടെ അനുമതി ആവശ്യമുണ്ട്. ആ കാര്യത്തിൽ സഭയുടെ അനുമതി നൽകണമെന്ന് ഞാൻ നിർദ്ദേശിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശത്തോട് ഞാൻ യോജിക്കുകയാണ്.

മി. സ്പീക്കർ : സഭ 9-ാം തീയതി കൂടി സമ്മേളിക്കുന്നതാണ്.

VII ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

(ചർച്ച തുടർച്ച)

ശ്രീ. കെ. പി. രാജേന്ദ്രൻ : ഗവർണ്ണറുടെ പ്രസംഗത്തിന് ശ്രീ. രാജൻ ബാബു അവതരിപ്പിച്ച നന്ദി പ്രമേയത്തെ ഞാൻ എതിർക്കുകയാണ്. കഴിഞ്ഞ രണ്ടേമുക്കാൽ വർഷക്കാലത്തെ നേട്ടങ്ങളെക്കുറിച്ച് ഒന്നുംതന്നെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും,

LIBRARY ARCHIVES Kerala Legislative Assembly